"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്-ബജറ്റ് 2025-26- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ 'ട്രെയിനിംഗ് പ്ലാൻ ആന്റ് ഓഫീസ് ഓട്ടോമേഷൻ' പദ്ധതിയ്ക്ക്-ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.54/2025/HSG തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:- 1. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 17.05.2025-ലെ KSHB-HO/203/2025-SM നമ്പർ കത്ത്.

2. ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ 30.05.2025-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

3. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 26.09.2025-ലെ KSHB-HO/203/2025-SM നമ്പർ കത്ത്

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ 'ട്രെയിനിംഗ് പ്ലാൻ ആന്റ് ഓഫീസ് ഓട്ടോമേഷൻ' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 2216-80-103-99(38) എന്ന ശീർഷകത്തിൽ ₹232 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

2) 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം വിനിയോഗിച്ച് സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഓഫീസ് നവീകരണത്തിനാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങൽ, സർവ്വീസിംഗ്, എ.എം.സി., ഇലക്ട്രിക്കൽ നെറ്റ് വർക്കിന്റെ മെയിന്റനൻസ്, ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങൽ, ആവശ്യമായ സോഫ്റ്റ് വെയറിന്റെ വികസനവും വാങ്ങലും, സെക്യൂരിറ്റി ഓഡിറ്റിങ്ങ്, സേറ്റ് ഡാറ്റാ സെന്റർ വെബ് ഹോസ്റ്റിങ്ങ്, സി.സി.റ്റി.വി. ക്യാമറകൾ/സിസ്റ്റം വാങ്ങലും സർവ്വീസും മെയിന്റനൻസും, ഇന്റർനെറ്റ് ചാർജ്ജുകൾ, ഫർണീച്ചർ സ്റ്റേഷണറി ഹാൻഡ് ബുക്ക് പ്രിന്റിങ്ങ് സാമഗ്രികൾ എന്നിവയുടെ പർച്ചേസ്, ബയോമെട്രിക്ക് പഞ്ചിങ്ങ് സംവിധാനം നടപ്പിലാക്കൽ, ജീവനക്കാർക്കുള്ള വിവിധ പരിശീലന പരിപാടികൾ എന്നിവയും ഹെഡ് ഓഫീസ് കെട്ടിടത്തിന്റെ നവീകരണം, സർവ്വർ റൂം നിർമ്മാണം, പെയിന്റിംഗ്, എന്നീ ഘടകങ്ങളും ഉൾപ്പെടുത്തി ആകെ 232 ലക്ഷം രൂപയുടെ പദ്ധതി ശിപാർശ പരാമർശം (1) പ്രകാരം ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ലഭ്യമാക്കുകയുണ്ടായി.

3) പ്രസ്തുത പ്രൊപ്പോസൽ 30.05.2025-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് വിശദമായി ചർച്ച ചെയ്യുകയും, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതിക്ക് സിവിൽ ഇലക്ട്രിക്കൽ

വർക്കുകൾക്ക് PRICE സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കണമെന്നും, I.T. ഇൻഫ്രാസ്ട്രക്ചർ സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരം നടപ്പിലാക്കണമെന്നുമുള്ള ഉപാധികളോടെ ഭരണാനുമതി നല്കുവാൻ പരാമർശം (2) പ്രകാരം അംഗീകാരം നല്കി.

4) സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ സിവിൽ വർക്കുകളുടേയും അന്തിമ രൂപം ആകാത്തതിനാലും Price Software-ൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കാല താമസം നേരിടുന്നതിനാലും ബോർഡിൽ നിന്നും സൂചന (1) പ്രകാരം ലഭ്യമാക്കിയിരുന്ന പ്രൊപ്പോസലിൽ നിന്നും സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പെടുന്ന ഐറ്റം നം. 4 ഒഴിവാക്കി ബാക്കി തുകയായ 132 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (3) പ്രകാരം ബോർഡ് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 30.05.2025-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ച 2025-26 സാമ്പത്തിക വർഷത്തെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ 'ട്രെയിനിംഗ് പ്ലാൻ ആന്റ് ഓഫീസ് ഓട്ടോമേഷൻ' എന്ന പദ്ധതിയുടെ പദ്ധതി ഘടകങ്ങളിലെ ഐറ്റം നം. 4 ഒഴിവാക്കി ചുവടെ ചേർക്കുന്ന ഘടകങ്ങൾ മാത്രം ഉൾപ്പെടുത്തി 2216-80-103-99 (38) എന്ന ശീർഷകത്തിൽ നിന്നും ₹1,32,00,000/- (ഒരു കോടി മുപ്പത്തിരണ്ടു ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പ്രൊപ്പോ-സലിലെ ഇനം നം. | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | 1 | Purchase, installation, authorized servicing and AMC of Computers and other Equipments. Networking of computers and troubleshooting charges Electrification and maintenance of electrical network at offices, Purchase, installation and AMC for Electrical equipment. | 52 |
| 2. | 2 | Purchase of different software products , Development of different custom software, Website up gradation and maintenance of website, Software security auditing and hosting of software at State Data Centre | 35 |
| 3. | 3 | CCTV/IP camera installation at offices, service and maintenance of CCTV systems, Telephone, Internet charges of BSNL, KS WAN, KFON, Rent of different Wi-Fi connections Biometric attendance system implementation at board offices, AMC and maintenance of punching devices and software Purchase of essential furniture and other office stationary and other articles, Hand book and other printing materials | 25 |
| 4. | 5 | Trainings for employees related to IT, accounting and management, Setting up of an internship training centre at HO for Civil Engineering/Diploma graduates. | 20 |
| | | ആകെ | 132 |

i. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായിരിക്കും. കൂടാതെ, കെ. എസ്. എച്ച്. ബി-യുടെ നിരീക്ഷണ സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്.

ii. പദ്ധതിയുടെ കാലാവധി 2025-26 സാമ്പത്തിക വർഷമായിരിക്കും.

iii. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ച് എല്ലാ പ്രവർത്തനങ്ങളും സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

iv. നടപ്പ സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തേണ്ടതും ബജറ്റിൽ അനുവദിച്ച ശീർഷകത്തിൽ നിന്നും മാത്രം തുക കണ്ടെത്തേണ്ടതുമാണ്.

v. ബജറ്റ് വിഹിതത്തിൽ നിന്നും ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.

vi. ഐ.റ്റി. ഘടകങ്ങൾ ഉൾപ്പെടെയുള്ളവയുടെ പർച്ചേസിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കപ്പെടേണ്ടതാണ്.

vii. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.

viii. സിവിൽ വർക്കുകൾക്ക്, CPWD നിരക്കുകൾ ബാധകമാണ്.

ix. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
5. ധനകാര്യ (പി.യു. സി.) വകുപ്പ്
6. ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
7. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 19-12-2025 15:01:37
സെക്ഷൻ ഓഫീസർ